**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 318** **22-02-2022 - ൽ മറുപടിയ്ക്ക്**

**കെട്ടിട പെർമിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുകൾ എന്നിവ നൽകുന്ന കെട്ടിടനിർമ്മാണ അനുമതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | കെട്ടിടനിർമ്മാണ അനുമതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി, ഓൺലൈൻ ആയി അപേക്ഷകൾ സ്വീകരിക്കുന്നതിനും പരിശോധിക്കുന്നതിനും അനുമതിനൽകുന്നതിനും സംസ്ഥാനത്തെ നഗരസഭകളിൽ I B P M S, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ SUVEGA എന്നീ സോഫ്റ്റ് വെയറുകളും ഗ്രാമപഞ്ചായത്തിൽ സങ്കേതം സോഫ്റ്റ് വെയറും വിന്ന്യസിച്ച് പ്രവർത്തിച്ച് വരുന്നു. |
| (ബി) | കെട്ടിടനിർമ്മാണം ആരംഭിച്ചതിനുശേഷം പൊതുമരാമത്ത് വകുപ്പ് റോഡിന് വീതി കൂട്ടുകയും പിന്നീട് പഞ്ചായത്ത് രാജ് നിയമപ്രകാരം റോഡിൽനിന്നും കെട്ടിടത്തിലേക്ക് അനുശാസിക്കുന്ന അളവ് ഇല്ലാത്തതിന്റെ പേരിൽ കെട്ടിട നമ്പർ നൽകാതിരിക്കുകയും ചെയ്യുന്നതിനാൽ വളരെയധികം പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി തദ്ദേശ സ്ഥാപനത്തിൽ നിന്ന് ലഭിച്ച നിർമ്മാണാനുമതിയ്ക്ക് അനുസൃതമായി നിർമ്മിച്ച ഏതൊരു കെട്ടിടത്തിനും, ആ പെർമിറ്റിന്റെ പ്രാബല്യത്തിൽ കെട്ടിടനമ്പർ ലഭിക്കുവാൻ അർഹതയുണ്ട്. ഈ കാലയളവിൽ റോഡിന് വീതി കൂട്ടുന്നത്, പ്രസ്തുത പെർമിറ്റിനെയോ കെട്ടിടനമ്പർ ലഭിക്കുന്നതിനെയോ ബാധിക്കുകയില്ല |
| (സി) | കെട്ടിടനിർമ്മാണത്തിന് മുൻപ് പെർമിറ്റ് നൽകി നിർമ്മാണം ആരംഭിക്കുകയും പിന്നീട് പഞ്ചായത്തുരാജ് നിയമപ്രകാരം അളവുകളില്ല എന്ന കാരണത്താൽ ബിൽഡിംഗ് നമ്പർ ലഭിക്കാതിരിക്കുകയും ചെയ്യുന്നതുമൂലം വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ഉണ്ട്. എന്നാൽ കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനുമുമ്പ് പെർമിറ്റ് ലഭിക്കുകയും അംഗീകരിച്ച പ്ളാൻ പ്രകാരം ചട്ടലംഘനങ്ങൾ ഇല്ലാതെ, നിർമ്മിക്കുകയാണെങ്കിൽ പ്രസ്തുത കെട്ടിടത്തിന് ഒക്കുപ്പൻസിയും അധികൃത നമ്പറും ലഭിക്കുന്നതിന് യാതൊരു തടസ്സവും ഉണ്ടാവുകയില്ല. |

സെക്ഷൻ ഓഫീസർ